LIBRARY ARCHIVES Kerala Legislative Assembly

ത്രിതല പഞ്ചായത്തിലെ നിയമനം ത്വരിതപ്പെടുത്തുവാൻ നടപടി

92 (490) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളിൽ ഭാരിച്ച ജോലി പൂർത്തിയാക്കുവാൻ ആവശ്യമായ ജീവനക്കാരില്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത സ്ഥലങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നകാര്യം പരിഗണിക്കുമോ ;

(സി) ജീവനക്കാരുടെ പുനർവിന്യാസ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് എത്ര ജീവനക്കാരെ മാറ്റി നിയമിച്ചു എന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി.ലിസ്റ്റ് നിലവിലില്ലാത്ത വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നുണ്ട്.

(സി) പുനർവിന്യാസ പദ്ധതി പ്രകാരം ആരേയും മാറ്റി നിയമിച്ചിട്ടില്ല. പുനർവിന്യാസ നടപടികൾ പുരോഗമിച്ച് വരുന്നു. ജനസേചനവകുപ്പിൽ നിന്നുള്ള 1046 ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ടുള്ള ഉത്തരവ് ഏതാനും ദിവസങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കുന്നതാണ്. മറ്റു വകുപ്പുകളിൽ നിന്നുമുള്ള വിശദമായ പട്ടിക ലഭിച്ചുകൊണ്ടിരിക്കുകാണ്. ഉടൻ തന്നെ അവയും ഉൾക്കൊള്ളിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. പുനർവിന്യാസം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി 23-2-2001-ൽ ധനകാര്യപ്രിൻസിപ്പൽ സെക്രട്ടറി ഒരു യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്.

പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ

93 (491) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 1984-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ സമഗ്രമായി ഭേദഗതി ചെയ്തുകൊണ്ട് 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1-10-1999-ലെ ജി.ഒ.(എം.എസ്.) 186/99/തസ്വഭവ പ്രകാരം പുറപ്പെടുവിക്കുകയും എസ്.ആർ.ഒ. നമ്പർ 777/99/വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.